**COCHIN DEVASWOM BOARD**
**Round North, Thrissur – 680 001**
PH: 2331124, 2327028 FAX : 2335874, 2327029
E-mail. admin@cochindevaswomboard.org

No. H.7685/2025 Dated : 20/06/2025

# അറിയിപ്പ്

കൊച്ചിൻ ദേവസ്വം ബോർഡ് മാനേജ്മെന്റിന് കീഴിൽ വരുന്ന ശ്രീ കേരളവർമ്മ കോളേജ് തൃശ്ശൂർ, ശ്രീ വിവേകാനന്ദ കോളേജ്, കുന്നംകുളം എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 2025-2026 അദ്ധ്യയന വർഷത്തിലെ 1-ാം വർഷ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് മാനേജ്മെന്റ് ക്വാട്ട അഡ്മിഷനു വേണ്ടിയുള്ള അപേക്ഷാഫോറം യഥാക്രമം keralavarma.ac.in, www.svcollege.ac.in എന്നീ വെബ്സൈറ്റുകളിൽ നിന്നും ലഭ്യമാണ്.

ശ്രീ കേരളവർമ്മ, ശ്രീ വിവേകാനന്ദ കോളേജുകളിലേക്ക് അപേക്ഷിക്കുന്നവർ ചുവടെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിൽ 400/- ക അപേക്ഷ ഫീസ് അടച്ചതിന്റെ ചലാൻ സഹിതം കോളേജ് വെബ്സൈറ്റുകളിൽ നൽകിയിട്ടുള്ള Google ഫോമിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

സ്റ്റാഫ് ക്വാട്ട, വാല്യുബിൾ സർവ്വീസ് ക്വാട്ട എന്നീ വിഭാഗത്തിൽ അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ അപേക്ഷഫോറത്തിൽ ചേർത്തിട്ടുള്ള കോളത്തിൽ വിശദ വിവരങ്ങൾ പൂരിപ്പിക്കേണ്ടതും ആയതിന്റെ രേഖകൾ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. ഫീസ് അടയ്ക്കുന്നതിനുള്ള ബാങ്കിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| A/c.Holder | : | SECRETARY COCHIN DEVASWOM BOARD |
| Name of Bank | : | UNION BANK OF INDIA, THRISSUR |
| A/c.No | : | 338902010036007 |
| IFSC No | : | UBIN0533891 |

**കുറിപ്പ്**

- ഹിന്ദുമതത്തിൽപ്പെട്ടതും 50 ശതമാനത്തിൽ മാർക്ക് കുറയാത്ത വിദ്യാർത്ഥികൾക്കു മാത്രമേ മാനേജ്മെന്റ് ക്വാട്ട മുഖാന്തിരം അപേക്ഷിക്കുവാൻ സാധിക്കുകയുള്ളു.
- അപേക്ഷഫോറങ്ങൾ സ്വീകരിക്കുന്ന അവസാന തിയ്യതി 30/06/2025 വൈകീട്ട് 5 മണി വരെ മാത്രമായിരിക്കും.
- ഓരോ വിഷയങ്ങൾക്കും പ്രത്യേകം ഫീസ് അടച്ച് പ്രത്യേകം ഫോമുകളിൽ അപേക്ഷിക്കേണ്ടതാണ്.
- ബിരുദാനന്തര ബിരുദ മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ കോളേജ് ഡവലപ്പ്മെന്റ് ഫണ്ടിലേക്ക് മാനേജ്മെന്റ് നിശ്ചയിച്ചിട്ടുള്ള സംഖ്യയായ 15,000/-ക + (ക്ഷേത്രദർശനം വരിസംഖ്യ 1000) അടയ്ക്കേണ്ടതാണ്.
- ബി.പി.എൽ റേഷൻകാർഡിൽ പേരുള്ള വിദ്യാർത്ഥിക്ക് അപേക്ഷ ഫീസ് പൂർണമായി ഒഴിവാക്കിയിട്ടുള്ളതാണ്.

(ഒപ്പ്)
മാനേജർ
ശ്രീ കേരളവർമ്മ കോളേജ്, തൃശ്ശൂർ
ശ്രീ വിവേകാനന്ദ കോളേജ്, കുന്നംകുളം
&
സെക്രട്ടറി
കൊച്ചിൻ ദേവസ്വം ബോർഡ്

# PROCEEDINGS OF THE COCHIN DEVASWOM BOARD

**സംഗ്രഹം**

ശ്രീ കേരളവർമ്മ, ശ്രീ വിവേകാനന്ദ എന്നീ കോളേജുകളിലെ 2025-26 അദ്ധ്യായന വർഷത്തെ ബിരുദാനന്തര ബിരുദം മാനേജ്മെന്റ് ക്വാട്ട പ്രവേശനം സംബന്ധിച്ച്.

പരാമർശം: ബഹു:ബോർഡിന്റെ 20/06/2025 ലെ 1-ാം നമ്പർ യോഗ തീരുമാനം.

**ഉത്തരവ് നമ്പർ എച്ച്.7685/2025 തിയ്യതി- 20/06/2025**

2025-2026 അദ്ധ്യയന വർഷത്തിൽ ശ്രീ കേരളവർമ്മ കോളേജ്, ശ്രീ വിവേകാനന്ദ കോളേജ് എന്നിവിടങ്ങളിലെ ബിരുദാനന്തര ബിരുദ തലത്തിൽ മാനേജ്മെന്റ് ക്വാട്ട മുഖാന്തിരം അപേക്ഷകൾ ഓൺലൈനായി വിതരണം ചെയ്യുന്നതിനും, തിരികെ സമർപ്പിക്കുന്നതിനും ആയതിൽ താഴെ പറയുന്ന മാനദണ്ഡങ്ങൾ വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനും, മാതൃഭൂമി, മലയാള മനോരമ, ദേശാഭിമാനി തുടങ്ങിയ ദിനപത്രങ്ങളിൽ അറിയിപ്പ് പ്രസിദ്ധീകരിക്കുന്നതിനും പരാമർശം ബഹു:ബോർഡ് തീരുമാന പ്രകാരം ഉത്തരവാകുന്നു.

**നിബന്ധനകൾ ചുവടെ ചേർക്കുന്നു.**

1. ബിരുദാനന്തര ബിരുദ തലത്തിലെ കോഴ്സുകളിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും നിശ്ചിത സംഖ്യ കോളേജിന്റെ വികസന പ്രവർത്തനങ്ങളിലേക്ക് താഴെ പറയും വിധം ഈടാക്കുന്നതിന് അംഗീകരിച്ച് ഉത്തരവാകുന്നു.

| Sree Keralavarma College | Sree Vivekananda College |
|---|---|
| 15,000/- | 15,000/- |
| M.Com | M.Com |
| M.A. English | M.A. English |
| M.A.Hindi | |
| M.A. Malayalam | |
| M.A.Economics | |
| M.A.Sanskrit Sahitya | |
| M.A. Political Science | |
| M.Sc Mathematics | |
| M.Sc Physics | |
| M.Sc Chemistry | |
| M.Sc Zoology | |

2. ഒരിക്കൽ അടയ്ക്കുന്ന സംഖ്യ യാതൊരു കാരണവശാലും തിരികെ നൽകേണ്ടതില്ല എന്നും തീരുമാനിച്ച് ഉത്തരവാകുന്നു.

3. മാനേജ്മെന്റ് ക്വാട്ടയിൽ സീറ്റിന് അപേക്ഷിക്കുമ്പോൾ ആ ഫോമിൽ തന്നെ വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതിനും, വിദ്യാർത്ഥികൾക്ക് ഒരു കോഴ്സിന് ഒരു ഫോമിൽ അപേക്ഷിക്കുന്നതിനും, ഫോമിന്റെ വില 400/- രൂപയായി നിശ്ചയിച്ചും ഉത്തരവാകുന്നു.

4. മാനേജ്മെന്റ് ക്വാട്ട സീറ്റ് ആഗ്രഹിക്കുന്നവർക്ക് മാത്രമാണ് ഈ നിബന്ധനകൾ ബാധകമാവുക എന്നതിനാലും, ഇതിന്റെ എല്ലാ വശങ്ങളും മുൻകൂട്ടി അറിയിക്കുന്നതിനാലും, പ്രവേശന കാര്യങ്ങൾ സുഗമമായി നടക്കേണ്ടതിനാലും മേൽ പറഞ്ഞ വിവരങ്ങൾ മുൻകൂട്ടി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ച് ഉത്തരവാകുന്നു.

5. ക്ഷേത്രദർശനം ഫണ്ടിലേക്ക് 1,000/-ക ഈടാക്കുന്നതിന് തീരുമാനിച്ച് ഉത്തരവാകുന്നു.

6. ബി.പി.എൽ റേഷൻകാർഡിൽ പേരുള്ള വിദ്യാർത്ഥിക്ക് അപേക്ഷ ഫീസ് പൂർണ മായി ഒഴിവാക്കി ഉത്തരവാകുന്നു.

7. യൂണിവേഴ്സിറ്റി മാനേജ്മെന്റ് ക്വാട്ട അഡ്മിഷനായി നിശ്ചയിക്കുന്ന ആദ്യ ദിവസം തന്നെ ശ്രീ കേരളവർമ്മ കോളേജ്, ശ്രീ വിവേകാനന്ദ കോളേജ് എന്നിവ യുടെ മാനേജ്മെന്റ് ക്വാട്ട ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതാണ്.

8. മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ വർഷം ശ്രീ വിവേകാനന്ദ കോളേജിലേക്ക് കോളേജ് വെബ്സൈറ്റിലെ ലിങ്ക് വഴി ഗൂഗിൾ ഫോം മുഖേന അപേക്ഷ സമർപ്പിക്കുന്നതിന് ഉത്തരവാകുന്നു.

മേൽ സൂചിപ്പിച്ച നിബന്ധനകൾ പാലിച്ചുകൊണ്ട് മാനേജ്മെന്റ് ക്വാട്ട മുഖാന്തിരം അപേക്ഷകൾ ഓൺലൈനായി വിതരണം ചെയ്യുന്നതിനും, തിരികെ സമർപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട പ്രിൻസിപ്പാളുമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഉത്തരവ് പ്രകാരം)

(ഒപ്പ്)
പി.ബിന്ദു
മാനേജർ
ശ്രീ കേരളവർമ്മ കോളേജ്,തൃശ്ശൂർ
ശ്രീ വിവേകാനന്ദ കോളേജ്,
കുന്നംകുളം
&
സെക്രട്ടറി
കൊച്ചിൻ ദേവസ്വം ബോർഡ്

പ്രിൻസിപ്പാൾ, ശ്രീ കേരളവർമ്മ കോളേജ്, തൃശ്ശൂർ
പ്രിൻസിപ്പാൾ, ശ്രീ വിവേകാനന്ദ കോളേജ്, കുന്നംകുളം

പകർപ്പ്
സെക്രട്ടറി ടു ബോർഡ്, സിസ്റ്റം മാനേജർ
കരുതൽ ഫയൽ, ഓഫീസ് കോപ്പി.

//അംഗീകാരത്തോടെ//

ജൂനിയർ സൂപ്രണ്ട്